ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ. ബി) ഹൈക്കോടതി ജഡ്ജിമാരുടെ നിയമനത്തെ സംബന്ധിച്ചു ഗവണ്മെൻറിൻെറ ശുപാർശകൾ രഹസ്യമായിരിക്കുന്നതുകൊണ്ടു് അതിൻെറ വിവരങ്ങൾ പുറത്തുപറയാൻ നിവൃത്തിയില്ല.

ശ്രീ. മന്നാർ ഗോപാലൻനയാർ: ഹൈക്കോടതി ജഡ്ജിമാരുടെ നിയമനത്തെ സംബന്ധിച്ചു ശുപാർശകളല്ലേ രഹസ്യമായിരിക്കണമെന്നുള്ളൂ? ചോദ്യത്തിൽ പറയുന്നതു ജഡ്ജിമാരുടെ നിയമനത്തെപ്പറ്റി മാത്രം അല്ലല്ലോ? ഹൈക്കോടതിയിലെ നിയമനങ്ങളെന്നു പറഞ്ഞാൽ മറ്റുദ്യോഗസ്ഥന്മാരുടെ നിയമനങ്ങളും ആകാമല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: ജഡ്ജിമാരുടെ നിയമനത്തെപ്പറ്റിയാണു് ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതെന്നു് ചോദ്യം വായിച്ചു നോക്കിയാൽ അറിയാം.

ശ്രീ. ഈഴപ്പൻ അറയ്ക്കൽ: ആരുടെയെല്ലാം നിയമനങ്ങൾ ഈ ഗവണ്മെൻറിൽനിന്നും സെൻട്രൽ ഗവർമ്മെൻറിലേക്കു് ശുപാർശചെയ്തിട്ടുണ്ടു് എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പറയാൻ നിവൃത്തിയില്ല.

## സെക്രട്ടറിയേറ്റ സംയോജനം

*൨൯൩. (൧൨) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ—

(എ) സെക്രട്ടറിയേറ്റ സംയോജനം പൂർത്തിയായോ?

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഈ ചോദ്യത്തിനു് നേരത്തെ ഉത്തരം പറഞ്ഞിട്ടുണ്ടു്.

## ഓണം സംബന്ധിച്ചു് ഗവർമ്മെൻറ് ഉദ്യോഗസ്ഥന്മാർക്കു് ആഗസ്റ്റു് മാസത്തിൽ ശമ്പളം കൊടുത്തതു്.

*൨൯൪. (൧൩) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫൈനാൻസു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഓണം സംബന്ധിച്ചു് ഗവർമ്മെൻറുദ്യോഗസ്ഥന്മാർക്കു ആഗസ്റ്റു് മാസത്തിൽ ശമ്പളം കൊടുക്കേണ്ട സംഗതി ഗവർമ്മെൻറിൻെറ ആലോചനാവിഷയമായി വന്നതു എന്നാണു്;

(ബി) ആ ആലോചനയിന്മേൽ ഒരു തീരുമാനം വന്ന തിയ്യതി എന്നാണു്;

(സി) ആ തീരുമാനത്തെ അനുസരിച്ചു് എത്രപേർക്കു ശമ്പളം അതതു് ഏകീകൃതസംസ്ഥാനത്തു കൊടുത്തിട്ടുണ്ടു്;

(ഡി) അതിൽ എത്ര ശമ്പളക്കാർ തുടർച്ചവേതനം ഡിസ്ക്രീഷനിൽപ്പെടുത്തി ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൻ—വ—ഫ ൻ ൪൦-ൽ

(ബി) ൨ ഫ—വ—ഫ ൻ ൪൦-ൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) ശമ്പളം കൊടുക്കുന്നതിനു തീരുമാനം ഉണ്ടായിട്ടില്ല. എന്നാൽ ശമ്പളത്തിന്റെ ഒരംശം അഡ്വാൻസായി കൊടുക്കാൻ അനുവദിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് ൭,൯ ൦ ൭ പേക്കായി ൫,൭൯,൯൨ ൦൯ രൂപ ഏഴണ ൫ ൦ പൈസ കൊടുത്തിട്ടുണ്ടെന്നു് അറിവു കിട്ടിയിട്ടുണ്ടു്.

(ഡി) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ ൫ ൫ ൫൨ ശമ്പളക്കാക്കായി ൨൭, ൭ ൭൫ രൂപ ൫൨ണ. ഒരു പൈസ കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. എം. തോമസ്: ഓണം എന്നായിരുന്നു എന്നു് പറയാമോ?

ശ്രീ. എ. ജെ. ജോൺ: ൨൪-ാംനു ആയിരുന്നു എന്നാണു് തോന്നുന്നതു്.

ശ്രീ. എ. എം. തോമസ്: പല ആഫീസുകളിലും അഡ്വാൻസു കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ഉത്തരവു് കിട്ടിയിട്ടുള്ളതു് ഓണത്തിനു ശേഷമാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

## സഞ്ചാരബത്ത

*൨൯൭. (൫൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫൈനാൻസു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സഞ്ചാരബത്തയിൽ പകുതി അഡ്വാൻസു് കൊടുക്കുക എന്ന സമ്പ്രദായം ഐക്യസംസ്ഥാനത്തിൽ നടപ്പുണ്ടായിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതു് ആരുടെ കല്പനപ്രകാരമായിരുന്നു;

(സി) ആ നടപടി ഇന്നും നടന്നുവരുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആരുടെ കല്പനപ്രകാരമാണു് നിർത്തൽ ചെയ്തതു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്. സംസ്ഥാനത്തു നിന്നും പുറമേ ഗവർമ്മെൻറു നിശ്ചയിക്കുന്ന പ്രത്യേകജോലിയിലോ സർക്കീട്ടിലോ പോകുന്ന ഉദ്യോഗസ്ഥന്മാർക്കും ശിപായിമാർക്കും എല്ലാ യാത്രക്കാർക്കും അഡ്വാൻസു് കൊടുക്കുന്ന പതിവുണ്ടു്. എന്നാൽ അർഹതയുള്ള ബത്തയുടെ പകുതി മാത്രമേ അഡ്വാൻസായി കൊടുക്കാവൂ എന്ന നിബന്ധനയില്ല.

(ബി) അഡ്വാൻസു് കൊടുക്കുന്നതു് ഫിനാൻഷ്യൽ ആൻഡ് അക്കൗണ്ടു് കോഡിലെ ൫൨൭-൦, ൫൨ ൫-൦ വകുപ്പുകൾ പ്രകാരമാണു്.

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: അഡ്വാൻസായി കൊടുത്തുക പലപ്പോഴും മടക്കിവാങ്ങേണ്ടതായും വന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അനുവദിച്ചിട്ടുള്ള ൨൦. എ. യിൽ കൂടുതൽ അഡ്വാൻസായി വാങ്ങിയിട്ടുണ്ടെങ്കിൽ മടക്കിവാങ്ങിക്കാവുണ്ടു്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: എത്രപേരുടെ പക്കൽനിന്നു അങ്ങിനെ തിരിയെ വാങ്ങിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: കൂടുതൽ ആരെല്ലാം വാങ്ങിയിട്ടുണ്ടോ അവരുടെയെല്ലാം പക്കൽനിന്നും തിരികെ വാങ്ങിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly